38104

# കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - ഗവ. ചിൽഡ്രൻസ് ഹോം അന്തേവാസികൾക്ക് ഡിഗ്രി അഡ്മിഷൻ - സീറ്റ് സംവരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്**

സ.ഉ (സാ.ധ)നം: 2484 /2012/ഉ.വി.വ തീയതി, തിരുവനന്തപുരം 20.11.2012

പരാമർശം - 1) സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 30/7/12 ലെ PDMC 4/18961/12 നമ്പർ കത്ത്

2) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 5/9/12 ലെ ജി2/29320/12/കോ. വി.വ നമ്പർ കത്ത്

3) 8/10/12 ൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്

## ഉത്തരവ്

സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ ചിൽഡ്രൻസ് ഹോമിലെയും ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെയും കുട്ടികൾക്ക് സർക്കാർ/ എയ്ഡഡ് കോളേജുകളിൽ ഡിഗ്രി പ്രവേശനത്തിന് ഓരോ കോളേജിലും സീറ്റ് സംവരണം ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) -ലെ കത്ത് പ്രകാരം സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ ചിൽഡ്രൻസ് ഹോമിലെയും, ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെയും കുട്ടികൾക്ക് സർക്കാർ/ എയ്ഡഡ് കോളേജുകളിൽ ഡിഗ്രി പ്രവേശനത്തിന് ഓരോ കോളേജിലും ഒരു സീറ്റ് സംവരണം ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി അപേക്ഷകരുടെ അഭാവത്തിൽ സാമൂഹ്യക്ഷേമ വകുപ്പിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത ചിൽഡ്രൻസ് ഹോമുകളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതും ഈ വിദ്യാർത്ഥികളുടെ ലിസ്റ്റ് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ തയ്യാറാക്കേണ്ടതും ആയത് ബന്ധപ്പെട്ട കോളേജിന് അയച്ചു കൊടുക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള സീറ്റിന്റെ വിവരങ്ങൾ അംഗീകാരത്തിനായി ബന്ധപ്പെട്ട സർവ്വകലാശാലയ്ക്ക്, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അയക്കേണ്ടതും ആയത് പ്രകാരമുള്ള amendment സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ വരുത്താൻ എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകേണ്ടതുമാണ്. ബന്ധപ്പെട്ട കോളേജുകൾ ഈ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകേണ്ടതും ടി റിപ്പോർട്ട് ബന്ധപ്പെട്ട സർവ്വകലാശാല രജിസ്ട്രാർമാർക്ക് അംഗീകാരത്തിനായി അയക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഫിന്നി സഖറിയ

ഡെപ്യൂട്ടി സെക്രട്ടറി

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) രജിസ്ട്രാർ, കേരള/ എം. ജി/ കാലിക്കറ്റ്/ സംസ്കൃത സർവ്വകലാശാല
3) ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
4) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം /കോട്ടയം /എറണാകുളം തൃശ്ശൂർ/കോഴിക്കോട്
5) ഉന്നത വിദ്യാഭ്യാസ ( ബി,സി എഫ്) വകുപ്പ്
6) കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ